# നിരൂപകന്റെ കോണകം

കെ. ടി. ബാബുരാജ്



നിരൂപകന്റെ കോണകം
കെ. ടി. ബാബുരാജ്
(മലയാളം: ലേഖനം)

© 2022, K. T. Baburaj

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Ringling Circus clowns, Photograph appeared on the cover of an Ideals publication by State Library and Archives of Florida. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നിരൂപകന്റെ കോണകം

കോണകം ഒരൊറ്റ വാക്കല്ല. അനേകം ശബ്ദാർത്ഥങ്ങളുടെ സമുച്ചയമാണ്. കോണക നൂൽ ഇഴ പിരിക്കുന്നതു പോലെ വേർതിരിക്കാൻ പോയാൽ അതിൽ നിന്നും വാക്കുകളും അർത്ഥങ്ങളും വരിവരിയായി ഇറങ്ങി വരുന്നതു കാണാം. കോണോടു കോണായും, ണകമായും, അകമായും, കം ആയും, അം ആയും നൂലോട് നൂൽ അതിഴ പിരിയും.

ഒറ്റവാക്കല്ലെങ്കിലും കോണകം ഒരൊറ്റത്തുണിത്തുണ്ടാണ്. കൊളുത്തോ പിന്നോയില്ലാത്ത കുടുക്കോ ചെയിനോയില്ലാത്ത ഒരു മുഴം തുണി. കുത്തോ കോമല്ലോ ഇല്ലാത്ത വാചകം പോൽ അതങ്ങനെ നീണ്ടു കിടക്കും. ജാതി മതം വർഗ്ഗം രാഷ്ട്രീയം എന്നിവയ്ക്കനുസരിച്ച് നിറം മാറിയെന്നിരിക്കും. ഉച്ചത്തിലുയർന്നു പാറുന്ന കൊടിയടയാളം പോലെ അതിൽ ചിലപ്പോൾ ചിഹ്നങ്ങൾ പ്രത്യക്ഷപ്പെട്ടേക്കാം. ഹിറ്റ്ലറുടെ കാലത്ത് അത് സ്വസ്തിക ചിഹ്നമാവാം. ദരിദ്ര നാരായണന്മാരുടെ മൂന്നാം ലോകങ്ങളിൽ അത് മാതൃരാജ്യത്തിന്റെ ഭൂപടമാവാം.

വീരവാദം പറയുമെങ്കിലും ഒറ്റയ്ക്കൊരു നിലനിൽപ്പില്ല ചങ്ങാതിക്ക്. പിടിച്ചു നിൽക്കാൻ നിരൂപകന്റെ സഹായം തേടുന്ന കവിയെപ്പോലാണത്. അരനൂലിന്റെ വിലയറിയുന്നത് അപ്പോഴാണ്. മുഷിഞ്ഞ് നിറം മങ്ങിയ വൃത്ത സ്ഥൂലതയുടെ ഇരുവശങ്ങളിലായി കൈകാലുകൾ ഞാത്തിയിട്ട് തൂങ്ങിക്കിടക്കണം ചങ്ങാതിക്ക്. മറ്റൊന്നിൻ ധർമ്മയോഗത്താൽ അതു താനല്ലയോ ഇത് എന്ന മാതിരി. എന്നാലെന്താ കാത്തുരക്ഷിച്ചില്ലേ നാണവും മാനവും ഒരുപാടു കാലം. കാലി ചെക്കന്റേയും നാടുവാഴുന്ന തമ്പുരാന്റെയും.

പലപ്പോഴും ആഢ്യത്വത്തിന്റെ അലങ്കാര ചിഹ്നമായിട്ടുണ്ടത്. അടിമത്തത്തിന്റെ കൊടിക്കൂറയും. പട്ടുകോണകത്തിനും കീറക്കോണകത്തിനുമിടയിലെ തീണ്ടാപ്പാടകലം സാമൂഹ്യ ശാസ്ത്രത്തിൽ പഠിക്കാനുള്ള വിഷയമായി. പിൽക്കാലത്ത് അടിവസ്ത്ര വിപണിയെ സ്വന്തമാക്കിയ കോർപ്പറേറ്റ് ഭീമന്മാർ കോണകത്തിന്റെ സോഷ്യൽ സ്റ്റാറ്റസ് ബോധ്യപ്പെട്ടവരാണ്. മുതലാളിത്തത്തോടുള്ള അസൂയ കലർന്ന കുശുമ്പാണ്, മുതലാളിത്തം കഴുത്തിൽ കെട്ടി തൂക്കിയ 'ടൈ'യെ കണ്ഠകൗപീനം എന്നു വിളിപ്പേരിട്ട് കളിയാക്കാൻ മൂന്നാം ലോകക്കാരിലെ ബുദ്ധിജീവികളെ പ്രേരിപ്പിച്ചത്.

കോണകം വെറും മൂന്നക്ഷരമല്ല. ഭാഷാ പ്രയോഗങ്ങളുടെ തൂങ്ങിയാടുന്ന വാലാണ്. "ന്താ കോണകത്തിന് തീപ്പിടിച്ചതു പോലെ"യെന്ന് ആശങ്കപ്പെടുന്നവന് കോണകത്തിന് തീപ്പിടിച്ചോടുന്നവന്റെ ആ പൊള്ളൽ മനസിലാവണമെന്നില്ല. അണ്ഡകടാഹം വേവുന്ന പാച്ചിലിൽ അതൊന്ന് പറിച്ചെറിയാൻ പോലുമാവാത്ത മരണഭ്രമം തലക്കുപിടിച്ച ആ അവസ്ഥ ഒരവസ്ഥ തന്നെയാണേ. കൊച്ചീലഴിമുഖം തീപ്പിടിച്ച നേരത്ത് തന്റെ കോണകവാലു കൊണ്ടു തല്ലി തീ കെടുത്തിയ ഒരു വിരുതന്റെ കഥ എൻ. എൻ. കക്കാട് എന്ന കവി ഒരസംബന്ധ കവിതയായി പാടിയിട്ടുണ്ട്. "കഷ്ടകാലലു കോണലു പാമ്പലു കൊത്തലു" എന്ന് ചങ്ങായി തെലുങ്കുവൽക്കരിച്ച ചൊല്ലിന്റെ തനിരൂപം കഷ്ടകാലത്ത് കോണകം പോലും പാമ്പായി കൊത്തും എന്നാണ്. കോണകത്തിന് പ്രത്യേകിച്ചൊരു വാലില്ലെങ്കിലും, ചിലർക്കു പിന്നാലെ തൂങ്ങി നടക്കുന്നോർക്ക് കോണകവാലൻ എന്നൊരു വിളിപ്പേരു വീണിട്ടുണ്ട്. ഭാര്യമാരുടെ വാലും തൂങ്ങി നടക്കുന്ന കുഞ്ചിരാമൻമാർക്കും ഈ പേരു ചേരും.

ലിംഗനീതി, ലിംഗസമത്വം എന്നൊക്കെ ഉച്ചൈസ്തരം ഘോഷിക്കുന്ന കാലമാണിത്. കോണകം ആണഹങ്കാരത്തിന്റെ ധാർഷ്ട്യങ്ങളുടെ കൊടിക്കൂറയാണെന്നും പുരുഷാധിപത്യമാണ് അതിൽ വിജൃംഭിച്ചു നിൽക്കുന്നതെന്നും ഏതെങ്കിലും അർബൻ ഫെമിനിസ്റ്റുകൾ പറഞ്ഞു കൂടായ്കയില്ല. സത്യത്തിൽ ഇതാണുങ്ങളുടെ കുത്തകയല്ലെന്നും, കോണകവാലൻ എന്ന പുല്ലിംഗം പോലെ കോണകവാലി എന്ന സ്ത്രീലിംഗവും ഭാഷാ നിഘണ്ടുവിൽ വേണമെന്ന് സ്ത്രീവാദികൾ ശബ്ദമുയർത്തിക്കൂടായ്കയില്ല. 'കോണകവും ഭിന്ന ലൈംഗികതയും' എന്ന വിഷയത്തിൽ ഗവേഷണം അനുവദിക്കണമെന്ന് യൂനിവേർസിറ്റികളിലെ ഗവേഷണ വഴികാട്ടികളോട് ഏതെങ്കിലും വിദ്യാർത്ഥി/ നി അപേക്ഷിച്ചു കൂടായ്കയുമില്ല.

നിരന്തരം അലക്കി ഉപയോഗിച്ചിട്ടാണോ എന്നറിയില്ല കോണകം ചുരുങ്ങി കോണമാവാറുണ്ട്. വാക്കുകളെ ചുരുക്കുന്നത് സ്വതവേ വടക്കന്മാരുടെ ഒരു ശീലമാണ്. അവർ സുലോചനയെ 'സു' ആക്കിക്കളയും. അധികം കളിച്ചാൽ നിന്നെ കോണം കെട്ടിക്കളയും എന്നൊരു ഭീഷണി പ്രയോഗം വടക്കർക്കിടയിലുണ്ട്. എതിരാളിയെ നിഷ്പ്രഭമാക്കുന്ന ഒരു പൂഴിക്കടകനാണത്. ഒരടിവസ്ത്രം പോലെ ചുരുട്ടിക്കെട്ടാവുന്ന ബല ശൂന്യനായ ഒരുവനാണ് നീയെന്ന ധ്വനി അതിൽ മുഴച്ചു നിൽക്കുന്നു. ധ്വനിയാണല്ലോ സാഹിത്യത്തിന്റെ സൗന്ദര്യം.

സത്യത്തിൽ കോണകത്തിന് കോണില്ല. അതൊരു ദീർഘചതുരമാണ്. നീട്ടി വിരിച്ച് ഇസ്തിരിയിട്ടാൽ വേണമെങ്കിൽ കോൺ കണ്ടെത്താമെന്നു മാത്രം. അകവും അങ്ങനെ തന്നെ. "അകം പുറം മറിച്ചെങ്ങനെ വേണേലുമുപയോഗിക്കാം കോണകം" എന്നൊരു വൃത്ത ലക്ഷണം വൈയാകരണന്മാർക്ക് പുതുതായുണ്ടാക്കാം. കോണകത്തിലെ 'കം'ൽ ഒരു കവിതയുണ്ട്. വാഴക്കൊലപാതകത്തിൽ അയ്യപ്പപ്പണിക്കർ കണ്ടെത്തിയതുപോലെ കോണകത്തിലും നവകവികൾക്ക് കവിതകണ്ടെത്താം. കോണകം, ണകം, കം, അം.

"അം" എന്നാൽ തിന്നുന്നത് എന്ന് പ്രൊഫസർ എം. എൻ. വിജയൻ മാഷ് പറഞ്ഞിട്ടുണ്ട്. തിന്നുന്നത് എന്താണോ അതാണ് അമ്മ എന്നും അദ്ദേഹം കൂട്ടി ചേർക്കുന്നു. ജനിക്കും തൊട്ടെ നമ്മൾ അമ്മയെ തിന്നുന്നവരാണ് എന്ന് സ്ഥാപിക്കാനാണ് അദ്ദേഹത്തിന്റെ ശ്രമം. കോണകത്തിലെ 'അം' എന്തായിരിക്കും എന്നാണ് നമ്മുടെ ചിന്ത. ഗതിമുട്ടിയാൽ കോണകവും തിന്നാം എoldന്നൊരു സൂചന അതിൽ പുലിയെപ്പോലെ പതുങ്ങിയിരിക്കുന്നുണ്ടോ... ചാർലി ചാപ്ലിന്റെ ഒരു സിനിമയിൽ വിശപ്പിന്റെ ഗതികേടുകൊണ്ട് കഥാനായകൻ തന്റെ ഷൂസ് തിന്നുന്നുണ്ട്. "ഗതികെട്ടവന് കോണകവും തിന്നാം" എന്നൊരു ചൊല്ല് ഓർമ്മിപ്പിക്കുന്നുണ്ടോ കോണകത്തിലെ "അം".

ലോകമെമ്പാടും മുഖംമൂടി മനുഷ്യർ നിരന്നു കഴിഞ്ഞു. നേരത്തെ തന്നെ നേരാംവണ്ണം തിരിച്ചറിയാൻ കഴിയാത്തവർ കൂടുതൽ പ്രച്ഛന്നവേഷക്കാരായി. കോവിഡ് 19-കാരൻ ഈ ലോകത്തിന്റെ കോണകത്തിനാണ് തീ കൊളുത്തിയിരിക്കുന്നത്. അണ്ഡകടാഹത്തിനു തീ പടരുമ്പോൾ അതിൽ നിന്നും രക്ഷ നേടാൻ മുഖകൗപീനം അല്ലെങ്കിൽ മുഖകോണകം (Mask) മാത്രം തുണ. മുഖകോണകം ധരിച്ചിച്ചില്ലെങ്കിൽ പിഴയടക്കണമെന്ന നിയമം നിലവിൽ വന്നിരിക്കുന്നു. നവലോകകോർപ്പറേറ്റുകൾക്ക് ഒരു പുത്തൻ വ്യവസായം കൂടി തുറന്നു കിട്ടിയിരിക്കുന്നു.

ഇങ്ങനെ കോണകത്തിൽ പിടിച്ചു കയറുന്നത് ഒരു കോണോത്തിലെ ഏർപ്പാടാണെന്ന് നിങ്ങൾക്കു തോന്നാം. നിരൂപകന്റെ രാജ്യഭാരം നിങ്ങൾക്കറിയാഞ്ഞിട്ടാണ്. അന്യദേശ തൊഴിലാളികൾ പോയി അതിഥി തൊഴിലാളികളായതുപോലെ നിരൂപകൻ പോയി സാംസ്കാരിക വിമർശകനായ കാലമാണ്. ഏതെങ്കിലും കോണോത്തും വാലിൽ പിടിച്ചു കയറിയാലെ മുന്നോട്ടു പോവാനാവൂ. കോണകം കഴിഞ്ഞിട്ടു വേണം ലങ്കോട്ടിയിൽ പിടുത്തമിടാൻ...

□

# കെ. ടി. ബാബുരാജ്



കണ്ണൂർ ജില്ലയിലെ വളപട്ടണത്ത് ജനനം. അച്ഛൻ കെ. നാരായണൻ, അമ്മ ടി. കാർത്യായനി. രാമവിലാസം എൽ. പി. സ്കൂൾ, വളപട്ടണം ഗവ: ഹൈസ്കൂൾ, കണ്ണൂർ എസ്. എൻ. കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, മാനന്തവാടി ബി. എഡ് സെന്റർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കണ്ണൂർ ആകാശവാണിയിൽ പ്രോഗ്രാം കോംപിയറായും, വിവിധ പ്രാദേശിക ചാനലുകളിൽ അവതാരകനായും പ്രവർത്തിച്ചിരുന്നു. കുറേക്കാലം സമാന്തര കോളേജുകളിൽ അധ്യാപകനായി. പ്രൊഫഷണൽ ഫോട്ടോഗ്രാഫറാണ്. അദൃശ്യനായ കോമാളി, തീ അണയുന്നില്ല, ബിനാമി, ഒരു ദീർഘദൂര ഓട്ടക്കാരന്റെ ജീവിതത്തിൽ നിന്നും, മായാ ജീവിതം, സമകാലം (കഥകൾ) സാമൂഹ്യപാഠം, മഴനനഞ്ഞ ശലഭം, പുളിമധുരം, ഭൂതത്താൻ കുന്നിൽ പൂ പറിക്കാൻ പോയ കുട്ടികൾ (ബാലസാഹിത്യം ) ജീവിതത്തോടു ചേർത്തുവെച്ച ചില കാര്യങ്ങൾ (അനുഭവം, ഓർമ്മ) ദൈവമുഖങ്ങൾ (നാടകം) 'Ammu and the butterfly' എന്ന പേരിൽ മഴനനഞ്ഞ ശലഭം ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. അബുദാബി ശക്തി അവാർഡ് (1992) ഭാഷാ പുരസ്കാരം (2003) പി. ടി. ഭാസ്കര പണിക്കർ അവാർഡ് (2014) ഭീമ രജത ജൂബിലി പ്രത്യേക പുരസ്കാരം (2015 ) സാഹിത്യ അക്കാദമി അവാർഡ് (2018) പ്രാദേശിക ദൃശ്യമാധ്യമ പുരസ്കാരം, കേരള സ്റ്റേറ്റ് ബയോഡൈവേർസിറ്റി ബോർഡിന്റെ ഫോട്ടോഗ്രാഫി അവാർഡ് (2017) കണ്ണാടി സാഹിത്യ പുരസ്കാരം (2019) പ്രൊഫ. കേശവൻ വെള്ളിക്കുളങ്ങര ബാല ശാസ്ത്രസാഹിത്യ അവാർഡ് (2019) എന്നിവ ലഭിച്ചിട്ടുണ്ട്. കേരള ഫോക് ലോർ അക്കാദമിയുടെ ഡോക്യുമെന്ററി പുരസ്കാരം (2020). സമഗ്ര സംഭാവനയ്ക്കുള്ള സതീർത്ഥ്യ പുരസ്കാരം (2020). കേരള സർക്കാർ പബ്ലിക്ക് റിലേഷൻ വകുപ്പിന്റെ മിഴിവ്-2021 ഷോർട്ട് ഫിലിം അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്. ഷോർട്ട് ഫിലിം ഡോക്യുമെന്ററി വിഭാഗങ്ങളിലായി പതിനഞ്ചിലേറെ സിനിമകൾ ചെയ്തിട്ടുണ്ട്.

ഭാര്യ: നിഷ, മക്കൾ: വൈഷ്ണവ്, നന്ദന

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.